പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2803 14.12.2015 ലെ മറുപടിയ്ക്ക്

## സീ പ്ലെയിൻ സർവ്വീസ്

| ചോദ്യം<br>ശ്രീ.പി.സി വിഷ്ണുനാഥ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ. സണ്ണി ജോസഫ് | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സീ പ്ലെയിൻ സർവ്വീസ് നടപ്പിലാക്കിയിട്ടുണ്ടോ ; | എ) | ഉണ്ട്. സീപ്ലെയിൻ പദ്ധതിയുടെ ഉദ്ഘാടനം 02/06/2013 ൽ കൊല്ലം അഷ്ടമുടിയിൽ ബഹു.മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. എന്നാൽ ചില മത്സ്യത്തൊഴിലാളി സംഘടനകൾ ഉയർത്തിയ എതിർപ്പിനെ തുടർന്ന് സർവ്വീസുകൾ നിർത്തിവയ്ക്കുകയാണ് ഉണ്ടായത്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; | ബി) | കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി വിവധ വിനോദസഞ്ചാര കേന്ദ്രങ്ങളെ വായുമാർഗ്ഗം ബന്ധിപ്പിക്കുന്നതിനും കേരളത്തിന്റെ പ്രകൃതിഭംഗി ആസ്വദിക്കുന്നതിനുമുള്ള നൂതനമായ ഒരു ടൂറിസം ഉത്പന്നം അവതരിപ്പിക്കുന്നതിനും വേണ്ടിയാണ് സീപ്ലെയിൻ പദ്ധതി ലക്ഷ്യമിടുന്നത്. |
| സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാട്ടർഡ്രോമും മറ്റ് അനുബന്ധ സൗകര്യങ്ങളും മുൻഗണനാ പ്രദേശങ്ങളായ അഷ്ടമുടി, പുന്നമട, ബോൾഗാട്ടി, ബേക്കൽ മുതലായ പ്രദേശങ്ങളിൽ നടത്തുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇവയിൽ അഷ്ടമുടിയിലും, പുന്നമടയിലും പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മത്സ്യബന്ധന മേഖലയിലെ തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സീപ്ലെയിൽ പദ്ധതി ഉൾനാടൻ മത്സ്യബന്ധന രംഗത്ത് എന്തെങ്കിലും വിധത്തിലുള്ള ആഘാതം സൃഷ്ടിക്കുമോ എന്നത് സംബന്ധിച്ച് പഠനം നടത്തുവാനും അങ്ങനെയെങ്കിൽ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതിയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൂർണ്ണതോതിലുള്ള ജലവിമാന സർവ്വീസ് ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ